# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2711 | 19.02.2016-ന് മറുപടിയ്ക്ക്

## ക്കാഞ്ഞിരപ്പള്ളി ബൈപാസ് റോഡ്

| ചോദ്യം<br>ഡോ.എൻ. ജയരാജ് | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനായി എസ്സ്.എൽ.ഇ.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | എങ്കിൽ അതിന്റെ തുടർ നടപടികൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ ; | ബി) യും സി) യും | ആകെ 24 സ്ഥല ഉടമകളിൽ 2 പേർ മാത്രമാണ് നെഗോസിയേഷൻ മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 ലെ സെക്ഷൻ 4 (1) അനുസരിച്ച് സാമൂഹിക ആഘാത പഠനം നടത്തി സെക്ഷൻ 11 (1) നോട്ടിഫിക്കേഷനും സെക്ഷൻ 19 ഡിക്ലറേഷനും പുറപ്പെടുവിക്കേണ്ടതുണ്ട്. ഡിക്ലറേഷൻ പുറപ്പെടുവിച്ച ശേഷം സ്ഥലമുടമകൾ State Policy for Compensation and Transparency in Land Acquisition അനുസരിച്ച് നെഗോഷിയെറ്റഡ് സെറ്റിൽമെന്റിന് തയ്യാറായാൽ (opt ചെയ്താൽ) District Level Fair Compensation rehabilitation and resettlement Committee (DLFC) ചർച്ചയിലൂടെ വില നിശ്ചയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് എസ്.എൽ.ഇ.സി അംഗീകാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ എസ്റ്റാബ്ലിഷ് മെന്റ് ചാർജിനത്തിൽ 30% ഉം കണ്ടിജൻസി ചാർജിനത്തിൽ 5% ഉം ഉൾപ്പെടെ 35% തുക ആദ്യം തന്നെ അർത്ഥനാധികാരി കെട്ടിവച്ചെങ്കിൽ മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. |
| സി) | സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ